പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1871 01.11.2019-ലെ മറുപടിക്ക്

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടനിർമ്മാണം

ചോദ്യം

ശ്രീ.ആർ. രാജേഷ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടനിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>ടി നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കണമെന്ന് കാണിച്ച് 01/07/16 ൽ മാവേലിക്കര നഗരസഭയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത തടസ്സം മാറ്റുന്നതിലേക്കായി മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് ബന്ധപ്പെട്ട അധികാരികളുടെ യോഗം കളക്ടർ വിളിച്ച് ചേർക്കുകയുണ്ടായെന്നും ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം മുൻസിപ്പാലിറ്റിയുടെ പേരിലാണെന്ന് തെളിയിക്കുന്നതി |

| | | | |
|---|---|---|---|
| | | | നുള്ള രേഖകൾ മുൻസിപ്പാലിറ്റിയുടെ പക്കൽ ഇല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ 30 വർഷങ്ങളായി കെഎസ്.ആർ.ടി.സി. കൈവശം വച്ച് ഉപയോഗിച്ച വരുന്ന സ്ഥലത്തിന് ഉടമസ്ഥാവകാശം KSRTC യ്ക്ക് നൽകുന്നതിനുള്ള NOC നൽകുന്നതിനു മറ്റെന്തെങ്കിലും തടസ്സമുണ്ടോ എന്നുള്ള വിവരം അറിയിക്കുവാൻ മുൻസിപ്പാലിറ്റി യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുൻസി പ്പാലിറ്റിയിൽ നിന്നുള്ള മറുപടി കിട്ടുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ 18/06/2019 ൽ കത്ത് മുഖേന അറിയിച്ചി ട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കെ.എസ്.ആർ. ടി.സി. മാവേലിക്കര യൂണിറ്റാഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**